സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003
ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com

കൊല്ലവർഷം 1202-ലെ ശബരിമല മണ്ഡലം-മകരവിളക്ക് മേടവിഷു, മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് പമ്പ ദേവസ്വത്തിലേക്ക് കെട്ട്നിറയ്ക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ.

## നിബന്ധനകൾ

1. പമ്പ ദേവസ്വത്തിലേക്ക് കെട്ട് നിറയ്ക്ക് ആവശ്യമായ സാധനങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ആയതിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.
2. ആവശ്യമായ സാധനങ്ങളുടെ അളവ് / തൂക്കം/ എണ്ണം എന്നിവയും പ്രത്യേകം നോട്ടിഫിക്കേഷനായി ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ഒഴിവാക്കുന്നതിനോ അളവ് /എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിനോ നിർദ്ദേശിക്കുവാൻ ദേവസ്വം ബോർഡിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതിന് ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാം തരത്തിലുള്ളവ ആയിരിക്കണം. ഒന്നാം തരത്തിലുള്ളതല്ലാത്ത സാധനങ്ങൾ ടെൻഡറുകാരൻ ഹാജരാക്കുകയും ഒഴിച്ചു കൂടാൻ പറ്റാത്ത ഏതെങ്കിലും സാഹചര്യത്തിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, അതിന്മേൽ പരാതിപ്പെടാൻ ടിയാന് അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൽ വച്ച് ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ ടെൻഡർകാരന് ആയതിന് അവകാശമില്ലാത്തതുമാകുന്നു.
3. ഇ-ടെൻഡറുകൾ 23-09-2026 പകൽ 10.00മണിയ്ക്ക് മുമ്പായി www.keralaetenders.gov.in മുഖേന സമർപ്പിക്കേണ്ടതാണ്.
4. ടെൻഡറിനൊപ്പം 25,000/- രൂപ നിരതദ്രവ്യം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

5. ടെൻഡർ 24-**09-2026** പകൽ **10.00** മണിക്ക് ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് പരിശോ ധിക്കുന്നതാണ്.
6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും. സാധനങ്ങളുടെ സപ്ലൈയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നികുതി സർക്കാരിലേക്ക് നൽകേണ്ടതുള്ള പക്ഷം ആയത് കുത്തകക്കാരന്റെ പൂർണ്ണ ഉത്തരവാദിതത്തിലും ബാദ്ധ്യ തയിലുമാകണം.
8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1202-ലെ ഉത്സവങ്ങളുടെ കാലയളവ് (2026 നവംബർ 11 മുതൽ 2026 ഒക്ടോബർ 31 വരെ ) മുഴുവൻ ബാധകമായിരിക്കുന്നതാണ്.
9. ടെൻഡറിൽ പങ്കെടുത്ത ശേഷമോ കുത്തക അനുവദിച്ചതായിട്ടുള്ള രേഖമൂല മുള്ള അറിയിപ്പ് ലഭിച്ച ശേഷമോ ടെൻഡറിൽ നിന്നും പിന്മാറുന്നവരുടെ നിരത ദ്രവ്യം ഡിപ്പാർട്ട്മെന്റിലേക്ക് കണ്ടുകെട്ടുന്നതാണ്.
10. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.
11. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളഅറിയിപ്പ് ലഭിച്ച് ഏഴ് ദിവസ ങ്ങൾക്കകം കുത്തകക്കാരൻ ശബരിമല എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വച്ച് സെക്യൂരിറ്റി ആയി 1,00,000/- (ഒരുലക്ഷംരൂപ) ഹാജരാക്കേണ്ട തും, ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതുമാണ്. അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തി നകം ഉടമ്പടി വയ്ക്കുന്നതിലും സെക്യൂരിറ്റി തുക ഹാജരാക്കുന്ന തിലുംവീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.
12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിൽ അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13.ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

14.ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്/വ്യക്തിക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.

15.കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

16.ആവശ്യമായ സാധനങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പമ്പ ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.

17.ടെൻഡർ ലഭിക്കുന്ന സ്ഥാപനത്തിന്റെ പ്രതിനിധി കുത്തക അവകാശം ലഭിച്ച് ഏഴ് ദിവസത്തിനകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാങ്ക്ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.

18.ടെൻഡർ നോട്ടിഫിക്കേഷനിൽ പരാമർശിക്കുന്ന സാധനങ്ങൾ ഭാഗികമായോ, പൂർണ്ണമായോ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുള്ള അളവിലെ സാധനങ്ങൾക്കുള്ള പേയ്മെന്റ് മാത്രമേ നൽകുകയുള്ളു.

19.ശബരിമല എക്സിക്യൂട്ടീവ് ആഫീസറിൽ നിന്നും രേഖമൂലം ലഭിക്കുന്ന കത്തിൽ പരാമർശിരക്കുന്ന അളവിൽ ഉള്ള സാധനങ്ങൾ മാത്രമേ സ്റ്റോറിൽ എത്തിക്കുവാൻ പാടുള്ളു. അധികമായി എത്തിക്കുന്ന സാധനങ്ങൾക്കുള്ള പേയ്മെന്റ് യാതൊരു കാരണവശാലും നൽകുന്നതല്ല.

20. കുത്തക ടെൻഡർ ഏറ്റെടുക്കുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആവശ്യമായ പ്രാപ്തിയില്ലയെന്ന് ബോധ്യപ്പെടുന്ന പക്ഷം പ്രസ്തുത ടെൻഡർ നിരസിക്കുന്നത്തിനുള്ള പൂർണ്ണ അധികാരം ബോർഡിനുണ്ടായിരിക്കും

21.

ആർ.ഒ.സി. 70/26 /ശബ
05.09.2026

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.64/26/ശബ

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
16/09/2026

## പമ്പയിൽ കെട്ട് നിറയ്ക്കുന്നതിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ഇ-ടെൻഡർ പരസ്യം,

കൊല്ലവർഷം **1202** വൃശ്ചികം **1** മുതൽ **1203** തുലാം **30** വരെയുള്ള കാലയളവിലേയ്ക്ക് പമ്പ ദേവസ്വത്തിൽ അയപ്പഭക്തർക്ക് കെട്ട് നിറയ്ക്കുന്നതിനാവശ്യമായ സാധനങ്ങൾ സപ്ളെ ചെയ്യുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുന്നു, ടെൻഡർ ഓൺലൈൻ ആയി **23/09/2026** പകൽ **10.00** മണിക്കു മുമ്പായി ***www.etenderskerala.gov.in*** മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ടെൻഡർ **24/09/2026** പകൽ **10.00** മണിക്കു തിരുവനന്തപുരത്തുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ വച്ച് പരിശോധിക്കുന്നതാണ്.

കരാറുകാരൻ ലഭ്യമാക്കേണ്ട സാധനങ്ങളുടെ അളവ് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതിന് ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതും, അതനുസരിച്ച് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പ്രകാരം സപ്ളെ ചെയ്യുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ടെൻഡറിനൊപ്പം **25,000**/-രൂപയുടെ ഇ.എം.ഡി ഓൺ ലൈൻ ആയി ഹാജരാക്കേണ്ടതാണ്.

ചുവടെ വിവരിക്കുന്ന സാധനങ്ങൾ ഉദ്ദേശ അളവ് ആവശ്യാനുസരണം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ പായ്ക്കറ്റുകളിലാക്കിയാണ് പമ്പ സ്റ്റോറിൽ ലഭ്യമാക്കേണ്ടത് .യാതൊരു കാരണവശാലും പ്ളാസ്റ്റിക്ക് സാധനങ്ങൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. കെട്ട് നിറയ്ക്കായി സപ്ളെ ചെയ്യുന്ന നെയ്യ് ഭക്ഷ്യാ സുരക്ഷാമാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടുള്ളതായിരിക്കണം. SKC,MILMA പോലെയുള്ള പ്രമുഖ കമ്പനികളുടെ അഗ്മാർക്ക് നെയ്യ് മാത്രമേ സപ്ലൈ ചെയ്യുവാൻ പാടുള്ളൂ. പമ്പാ ദേവസ്വത്തിൽ കെട്ട് നിറയ്ക്ക് ആവശ്യമായ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ഐറ്റം | ആകെ എണ്ണം | കെട്ട്നിറ ഒന്നിൽ ഉൾപ്പെടുത്തേണ്ട അളവ് |
|---|---|---|---|
| **1** | ഇരുമുടി സഞ്ചി | 4,00,000 എണ്ണം | 1 എണ്ണം |
| **2** | ചെറിയസഞ്ചി | 8,00,000 എണ്ണം | 2 എണ്ണം |
| **3** | നാളികേരം (100 മില്ലി ലിറ്റർ നെയ്യ് നിറയ്ക്കുവാൻ കഴിയുന്നത്) | 12,00,000 എണ്ണം | 3 എണ്ണം |
| **4** | നെയ്യ് | 40,000 ലിറ്റർ | 100 മില്ലി ലിറ്റർ |
| **5** | മലർ | 20,000 ലിറ്റർ | 50 ഗ്രാം |

| | | | |
|---|---|---|---|
| **6** | മഞ്ഞൾപ്പൊടി | 4,000 കി.ഗ്രാം | 10 ഗ്രാം |
| **7** | ഉണക്കലരി | 1,00,000 കി.ഗ്രാം | 250 ഗ്രാം |
| **8** | കോർക്ക് | 4,00,000 എണ്ണം | 1 എണ്ണം |
| **9** | കർപ്പൂരം | 2000 കിലോ ഗ്രാം | 5 ഗ്രാം |
| **10** | ഓക്സ് | 4000 കിലോ ഗ്രാം | 10 ഗ്രാം |
| **11** | അവൽ | 20,000 കിലോ ഗ്രാം | 50 ഗ്രാം |
| **12** | ഉണക്കമുന്തിരി | 10,000 കിലോ ഗ്രാം | 25 ഗ്രാം |
| **13** | കൽക്കണ്ടം | 20,000 കിലോ ഗ്രാം | 50 ഗ്രാം |
| **14** | ശർക്കര | 40,000 കിലോ ഗ്രാം | 100 ഗ്രാം |
| **15** | ഭസ്മം | 4,000 കിലോ ഗ്രാം | 10 ഗ്രാം |
| **16** | കളഭം | 4,000 കിലോ ഗ്രാം | 10 ഗ്രാം |
| **17** | കാണിപ്പൊന്ന് | 4,00,000 എണ്ണം | 1എണ്ണം |

ഇരുമുടി സഞ്ചി-1, ചെറിയസഞ്ചി-2, നാളികേരം-3, നെയ്യ്-100 എം.എൽ, മലർ- 50 ഗ്രാം, മഞ്ഞൾപ്പൊടി-10 ഗ്രാം, ഉണക്കലരി-250ഗ്രാം, കോർക്ക്-1, കർപ്പൂരം-5ഗ്രാം, വാക്സ-10 ഗ്രാം, അവൽ-50ഗ്രാം, ഉണക്കമുന്തിരി-25ഗ്രാം, കൽക്കണ്ടം-50ഗ്രാം, ശർക്കര 100 ഗ്രാം, ഭസ്മം-10 ഗ്രാം, കളഭം 10 ഗ്രാം, കാണിപ്പൊന്ന്-1എന്നിവയാണ് ഒരു കെട്ടനിറയ്ക്ക് ആവശ്യമായ സാധനങ്ങൾ ആയവ ഒരു കിറ്റിലാക്കി സപ്ലൈ ചെയ്യേണ്ടതാണ്. ഒരു കെട്ടുനിറയ്ക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക എന്ന ക്രമമാണ് തുക ക്വോട്ട് ചെയ്യേണ്ടത്.

മേൽ വിവരിച്ചതിൽ 12,00,000 നാളികേരവും മറ്റ് ഐറ്റങ്ങളുടെ 1/4 അളവും 2026 നവംബർ 05 ന് മുമ്പായി പമ്പ സ്റ്റോറിൽ എത്തിക്കേണ്ടതാണ്. ബാക്കി അളവ് എക്സിക്യൂട്ടീവ് ആഫീസറുടെ നിർദ്ദേശാനുസരണം ഉടമ്പടി കാലാവധിക്കകം സപ്ളെ ചെയ്യേണ്ടതാണ്. കുത്തക ലഭിക്കുന്നവർ അറിയിപ്പ് ലഭിച്ച് ഏഴ് ദിവസത്തിനകം ഒരു ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി ഹാജരാക്കി എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി ഈ ആഫീസിലോ (0471-2314288) ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ആഫീസിലോ (9495999919) ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)
തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

ദേവസ്വം കമ്മീഷണർ

16/09/2026